# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 311

06.01.2014-ലെ മറുപടിക്ക്

### ജയിൽ തടവുകാരുടെ മൊബൈൽ ഫോൺ ഉപയോഗം

ചോദ്യം

ശ്രീ.സി.കെ.സദാശിവൻ

മറുപടി

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ജയിലുകളിൽ തടവുകാർ മൊബൈൽ ഫോൺ ഉപയോഗിച്ചതായി കണ്ടെത്തിയ എത്ര കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്; | എ) 01/01/2014 വരെ ജയിലുകളിൽ നിന്നും 45 മൊബൈൽ ഫോണുകൾ കണ്ടെടുത്തതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |
| ബി) ഏതെല്ലാം ജയിലുകളിൽ ഏതെല്ലാം തടവുകാരിൽനിന്നും മൊബൈൽ ഫോൺ കണ്ടെടുക്കുകയുണ്ടായി; ഇവരിൽ വിചാരണ തടവുകാർ ആരൊക്കെ; കോടതി ശിക്ഷിച്ച് തടവിൽ കഴിഞ്ഞുവരുന്നവർ ആരൊക്കെ; | ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) സംസ്ഥാനത്തെ ഏതെല്ലാം ജയിലുകളിലെ തടവുകാർ മൊബൈൽ ഫോണിൽ സംസാരിച്ചതായി അന്വേഷണത്തിൽ തെളിയുകയുണ്ടായി; വിശദമാക്കാമോ; | സി) അന്വേഷണം പുരോഗമിക്കുന്നു. |
| ഡി) തടവിൽ കഴിയുന്നവർ ഫോൺ വിളിച്ചതിന്റെ പേരിൽ പൂജപ്പുര സെൻട്രൽ ജയിലിൽ ഏതെല്ലാം ഉദ്യോഗസ്ഥൻമാരെ സ്ഥലം മാറ്റുകയുണ്ടായി; വ്യക്തമാക്കാമോ? | ഡി) ആരേയും സ്ഥലം മാറ്റിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

തിരുവനന്തപുരം സെൻട്രൽ ജയിലിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാല് മൊബൈൽ ഫോണുകൾ കണ്ടെടുക്കുകയുണ്ടായി. ടി മൊബൈൽ ഫോണുകളിൽ നിന്നും തടവുകാർ സംസാരിച്ചതായി തെളിവില്ലെന്ന് സൂപ്രണ്ട് റിപ്പോർട്ട് ചെയ്തിരിയ്ക്കുന്നു. കാസർഗോഡ് സ്പെഷ്യൽ സബ് ജയിലിൽ ആർ.പി. നം.9862 രാജഗോപാൽ എന്ന റിമാന്റ് തടവുകാരനിൽ നിന്നും മൊബൈൽ ഫോൺ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. തുറന്ന ജയിൽ ചീമേനിയിൽ നിന്നും രണ്ടു ഫോണുകൾ കണ്ടെടുത്തു. അതിൽ സി.നം.402 ജോഹിദുൾ ഹഖ് S/o ഷോജബുദീൻ നിന്നും പിടിച്ചെടുത്തത് സംബന്ധിച്ച് Cr. No.716/13 ചീമേനി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചു വരുന്നു. കോട്ടയം ജില്ലാ ജയിലിൽ യു.റ്റി.4583 മനോജ് സേവ്യർ എന്ന പ്രതിയിൽ നിന്നും മൊബൈൽ ഫോൺ കണ്ടെടുക്കുകയും കോട്ടയം ഈസ്റ്റ് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചു വരുന്നു. വിയ്യൂർ സെൻട്രൽ ജയിലിൽ നിന്നും സി.നം.9128 സുരേഷ് എന്ന ശിക്ഷാപ്രതിയിൽ നിന്നും മൊബൈൽ ഫോൺ പിടിച്ചെടുത്തിട്ടുണ്ട്. എറണാകുളം ജില്ലാ ജയിലിൽ എ ബ്ലോക്കിലെ 9-ാം നമ്പർ സെല്ലിൽ നിന്നും മൊബൈൽ ഫോൺ പിടിച്ചത് പോലീസിന് കൈമാറിയിട്ടുണ്ട്. അന്വേഷണം നടന്നുവരുന്നു. എറണാകുളം സബ് ജയിലിൽ ഇന്റർവ്യൂ കാണാൻ വന്ന അരുൺ പോൾ, ഷാഹിന എന്നിവർ ആർ.പി.നം. 6577 നൗഷാദ് എന്ന പ്രതിയ്ക്ക് മൊബൈൽ ഉപയോഗിക്കാൻ കൊടുത്തു എന്ന സംശയത്തിന്റെ പേരിൽ പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. നെട്ടുകാൽത്തേരി തുറന്ന ജയിലിൽ നിന്ന് 28/09/2011ൽ ഒരു ജീവപര്യന്തം തടവുകാരനിൽ നിന്നും സി.നം. 2673 സുരേഷ് എന്ന തടവുകാരനിൽ നിന്നും പട്രോളിംഗ് ഡ്യൂട്ടിയ്ക്കിടെ 2 പുതിയ സിം കാർഡുകളില്ലാത്ത മൊബൈൽ ഫോണുകളും കണ്ടെടുത്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കണ്ണൂർ സെൻട്രൽ ജയിലിൽ തടവുകാരിൽ നിന്നും 29 മൊബൈലുകൾ പിടിച്ചെടുത്തിട്ടുണ്ട്.

1. സി.നം.9158 പ്രമോദ്
2. സി.നം.8679 തോമസ്
3. സി.നം.7612 ഉണ്ണി
4. സി.നം.436 മൊയ്തീൻ
5. സി.നം.4999 വേണുഗാനൻ
6. ആർ.പി.നം.2170 അനൂപ്
7. സി.നം.7878 രാജു
8. സി.നം.9970 റഷീദ്

9. സി.നം.785 പ്രജീഷ്
10. സി.നം.472 നിഷിൻ
11. സി.നം.9424 ശ്യാംകൃഷ്ണ
12. സി.നം.4857 മുഹമ്മദ് ഇക്ബാൽ
13. സി.നം.923 മുഹമ്മദ് ജലീൽ
14. സി.നം.9510 സുനീർ
15. സി.നം.9561 കനകരാജ്
16. സി.നം.8681 മണികണ്ഠൻ
17. സി.നം.4615 റഫീക്ക്
18. സി.നം.786 റിയാസ്
19. സി.നം.8031 അനിൽകുമാർ
    ആർ.പി.1300 സജൻ
20. സി.നം.7252 ഗുരുദരൻ സിംഗ്
21. സി.നം.471 നിഷിൽ
22. സി.നം.2481 അബ്ദുൾ ലത്തീഫ്
23. സി.നം.998 പ്രജിത്
    ആർ.പി.നം.2611 ലത്തീഫ്
24. സി.നം.965 സതീഷ് കുമാർ
25. ആർ.പി.നം.5552 ഇക്ബാൽ
    സി.നം.597 ബിജു
26. സി.നം.499 കരീം
    സി.നം.435 പ്രദീപ്
    സി.നം.735 അനൂപ്
    സി.നം.870 സക്കറിയ
    സി.നം.577 ഷിബു
27. ഡി. 100 ഷിജു
28. സി.നം.4366 അബു
29. സി.നം.സജയൻ

സെക്ഷൻ ഓഫീസർ.